K21U 3503

Reg. No.: ..............................

Name : ..................................

BOSCO ARTS AND SCIENCE COLLEGE
LIBRARY

## II Semester B.A./B.Sc. Degree (CBCSS-OBE – Reg./Sup./Imp.) Examination, April 2021
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A 08 MAL : കവിതാമാതൃകകൾ

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിനു **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) ഭാഷയുടെ ലാളിത്യമാണ് കൃഷ്ണഗാഥയുടെ പ്രത്യേകത. ശരദ്വർണ്ണനത്തെ ആസ്പദമാക്കി വിലയിരുത്തുക.

2) ആസക്തിയാണ് ദു:ഖത്തിനു കാരണമെന്ന ബുദ്ധദർശനം ഉൾക്കൊള്ളുന്ന കൃതിയാണ് 'കരുണ'. ചർച്ച ചെയ്യുക.

3) മലയാളികളുടെ തിരുവോണസങ്കല്പം 'ഓണപ്പാട്ടുകാരിൽ' എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

4) നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള ആകുലതയാണ് 'മാൻമാർക്കുകുട' – വിശകലനം ചെയ്യുക. (2×7=14)

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** ചോദ്യത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ശൂർപ്പണഖയുടെ വരവ് എപ്രകാരമാണ് എഴുത്തച്ഛൻ അവതരിപ്പിച്ചിരിക്കുന്നത് ?

6) ശരത്കാലത്തു പ്രകൃതിക്കുണ്ടാകുന്ന മാറ്റം മനുഷ്യമനസ്സുമായി എങ്ങനെയാണ് ബന്ധിപ്പിച്ചിരിക്കുന്നത് ?

7) മനുഷ്യസൃഷ്ടിയിൽ സംഭവിച്ചതെന്തൊക്കെയായിരുന്നു ?

8) പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത ചർച്ച ചെയ്യുന്ന കവിതയാണ് 'അട്ടപ്പാടിയെ സ്വപ്നം കണ്ടു, ഞാനിന്നും' – വിശകലനം ചെയ്യുക.

9) 'ഒരു കാലമുണ്ടായിരുന്നു' എന്ന കവിതയിൽ അവതരിപ്പിക്കുന്ന സാമൂഹിക വിമർശനം എന്താണ് ?

10) അടച്ചിടപ്പെട്ട സ്ത്രീജീവിതത്തിന്റെ ദുരന്തമുഖമാണ് 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ'യിൽ അവതരിപ്പിക്കുന്നത്. വിശദീകരിക്കുക. (4×3=12)

P.T.O.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) ശരത്കാലത്തെ പ്രകൃതിയെ കവി എങ്ങനെയാണ് ശരദ്വർണ്ണത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ?

12) ബദറുൽ മുനീറിന്റെ സൗന്ദര്യം കാണുമ്പോൾ സ്ത്രീകൾക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?

13) 'കരപ്പറ്റി നിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ –
ക്കരയന്നപ്പിടപോലെ നടന്നുപോയി'. – നടന്നു പോകാനുള്ള കാരണമെന്താണ് ?

14) ഇക്കൊടും വറുതിച്ചൂടി –
ലിന്നീ-മിഥുനരാത്രിയിൽ
നീ തന്നെ മുത്തുമാലയ്ക്കു
കൂപ്പുകൈ കാലവർഷമേ – എന്തിനാണ് കവി കാലവർഷത്തോടു നന്ദി പറയുന്നത് ?

15) ഉണ്ണിക്കു പാലുകാച്ചി
ഉണ്ണീടച്ഛനു നെയ്യുരുക്കി
അച്ചാച്ഛനു ചൂടുവെള്ളമനത്തി
മുക്കല്ലും തേഞ്ഞുതീരണം – സ്ത്രീ ജീവിതത്തിലെ ഏതൊക്കെ പ്രശ്നങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത് ?

16) അറിയില്ലൊന്നും ഞാൻ – പ്രണയിപ്പൂ നിന്നെ –
കവയിത്രിയുടെ പ്രണയം എങ്ങനെയുള്ളതാണ് ? **(4×2=8)**

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) വിവാഹാഭ്യർത്ഥനയുമായി എത്തിയ ശൂർപ്പണഖയോട് ശ്രീരാമൻ നൽകിയ മറുപടി എന്താണ് ?

18) എന്താണ് ഗാഥ ?

19) മാപ്പിളപ്പാട്ട്.

20) വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും – വിവക്ഷ എന്താണ് ?

21) അട്ടപ്പാടിയിൽ കവിയത്രി കണ്ട ജീവിതം എങ്ങനെയുള്ളതായിരുന്നു ?

22) 'ഈ പട്ടിജന്മത്തിൽ നിർവൃതിയടഞ്ഞ് എനിക്ക് എവിടെയെങ്കിലും ഒന്നു ചുരുണ്ടു കൂടാമായിരുന്നു' – ആശയം വ്യക്തമാക്കുക. **(4×1½=6)**